(സി) പരിസ്ഥിതി കോൺഗ്രസിനായി അനുവദിക്കപ്പെട്ടതും പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിലെ വിവിധ പ്രോജക്ടുകൾക്ക് ലഭിച്ചതുമായ സർക്കാർ ഫണ്ട് മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ഒരു ഉദ്യോഗസ്ഥന്റെയും പേരിലുള്ള സ്വകാര്യ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടില്ല. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ അക്കൗണ്ടിലേയ്ക്കാണ് തുക കൈമാറിയിട്ടുള്ളത്.

**ക്വാറികളും ക്രഷറുകളുംമൂലമുള്ള പരിസര മലിനീകരണം**

37(4981) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിങ്ങോം-വയക്കര ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽപെട്ട പെലേന, മടക്കാംപൊയിൻ പ്രദേശത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയായി കരിങ്കൽ ക്വാറികളും ക്രഷറുകളും പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഭീമമായ അളവിൽ ഭൂഗർഭജലം ഊറ്റിയെടുത്തുകൊണ്ടുള്ള ക്രഷറുകളുടെ പ്രവർത്തനം മൂലം ഉണ്ടായിട്ടുള്ള ജലദൗർലഭ്യം, പരിസരമലിനീകരണം എന്നിവ സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പരാതി ലഭിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിക്കുന്നതിനായി പരാതി കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡിന് കൈമാറിയിട്ടുണ്ട്.

**ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്കെതിരെ നടപടി**

38(T+ 4982) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് നിലവിൽ നിയമമുണ്ടോ; ഉണ്ടെങ്കിൽ ആയതിനെ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

ജലസ്രോതസ്സുകളിലേയ്ക്ക് പാഴ്ജലം ഒഴുക്കുന്നതിന് ജല മലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമം, 1974 പ്രകാരം കേരള സംസ്ഥാന

\+ "T" മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly